സന്ദേശനിലയം
ചങ്ങനാശ്ശേരി

# വിശ്വാസോത്സവം – 2026

## സീനിയർ വിഭാഗം

## അദ്ധ്യാപകസഹായി

# VISWASOLSAV

INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

# പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

സീറോമലബാർസഭ സമുദായ വർഷം ആചരിക്കുന്ന പശ്ചാത്തലത്തിൽ ഈ വർഷത്തെ വിശ്വാസോത്സവം ഏറെ പ്രത്യേകതയുള്ളതാണ്. സഭാത്മകമായ കാഴ്ചപ്പാടിലൂന്നിയ സമുദായ അവബോധമാണ് നമുക്ക് കരണീയം. കാലങ്ങളും നൂറ്റാണ്ടുകളും മാർത്തോമാ നസ്രാണികൾ ചരിച്ച മാർഗ്ഗത്തെ ശോഷണം കൂടാതെ തലമുറകളിലേക്ക് സന്നിവേശിപ്പിക്കാൻ പ്രതിജ്ഞാബദ്ധരാണ് നമ്മൾ എന്ന പ്രഖ്യാപനം ഈ വർഷത്തെ വിശ്വാസോത്സവത്തിൽ ഉയർത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പൈതൃകവും പാരമ്പര്യവും അഭിമാനബോധത്തോടെ കൊണ്ടുനടക്കുന്ന വ്യക്തികളായി വിശ്വാസപരിശീലനം നേടുന്ന നമ്മുടെ കുട്ടികളെ രൂപപ്പെടുത്തുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

1. വിശ്വാസോത്സവത്തിന്റെ ദിവസങ്ങളിൽ ദൈവാലയത്തിലും ക്ലാസ്സുകൾ നടക്കുന്ന ഇടങ്ങളിലും **വി. ഗ്രന്ഥം പ്രത്യേകമായി പ്രതിഷ്ഠിക്കുന്നത് നന്നായിരിക്കും.**
2. ചില പ്രവർത്തനങ്ങൾ വി. ഗ്രന്ഥം ഉപയോഗിച്ചുള്ളതായതിനാൽ ക്ലാസ്സുകളിൽ കുട്ടികളുടെ പക്കൽ വി. ഗ്രന്ഥം ഉണ്ടായിരിക്കണം.
3. വിശ്വാസോത്സവ ദിനങ്ങളിലെ ക്രമീകരണങ്ങളിൽ ഇടവകയിലെ മറ്റ് സംഘടനകളുടെ സാന്നിദ്ധ്യവും സഹകരണവും ഉൾപ്പെടുത്തുന്നത് ഇടവക മുഴുവന്റെയും ഒരു പരിശീലന അവസരമാക്കാൻ (Intergenerational Catechesis) ഉപകരിക്കും.
4. വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപക സഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതി ഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**ഫാ. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ഒന്നാം ദിവസം
## വീട്

സീറോമലബാർ ക്രൈസ്തവ പാരമ്പര്യത്തിലെ മനോഹരമായ വീട്ടാചാരങ്ങളെയും വിശ്വാസങ്ങളെയും കുറിച്ചുള്ള ആക്ടിവിറ്റികളാണ് ഒന്നാം ദിവസത്തിൽ കൊടുത്തിരിക്കുന്നത്.

**ആക്ടിവിറ്റി 1**

നമ്മുടെ പൂർവികർ അനുവർത്തിച്ചു വന്നിരുന്ന പാരമ്പര്യത്തിന്റെ ഭാഗമായ ജീവിതശൈലികളാണ് പൊന്നും തേനും അരച്ച് നാവിൽ തൊട്ടുനൽകൽ, മാറൻ ഈശോമിശിഹാ, സ്തുതി കൊടുക്കൽ, സന്ധ്യാ പ്രാർത്ഥന, മധുരം വെപ്പ്, തുടങ്ങിയവ. കുഞ്ഞിന്റെ ചെവിയിൽ മാറൻ ഈശോമിശിഹാ (നമ്മുടെ കർത്താവായ ഈശോമിശിഹാ) എന്ന് ഓതുന്നത് കുഞ്ഞ് ആദ്യം കേൾക്കേണ്ടത് ദൈവനാമമായിരിക്കണം എന്നതിനാലാണ്. ഇതുപോലെ കുഞ്ഞ് ജനിച്ചാലുടൻ നാവിൽ നൽകുന്ന പൊന്നും തേനും അരച്ചത് വെറുമൊരു മധുരം നൽകലല്ല; അത് വിശ്വാസ ജീവിതത്തിന്റെ മാധുര്യത്തെയാണ് സൂചിപ്പിക്കുന്നത്. പൊന്ന്, സമ്പത്ത്, ഐശ്വര്യം, ഈശോയുടെ രാജത്വം എന്നിവയുടെയെല്ലാം പ്രതീകമാണ് പൊന്ന്.

**ആക്ടിവിറ്റി 2**

നമ്മുടെ പൂർവികർ വിശുദ്ധരുടെ പേരുകളും ബൈബിൾ നാമങ്ങളും ആണ് പേരിടാനായി ഉപയോഗിച്ചിരുന്നത്. ഈ ആക്ടിവിറ്റിയിലൂടെ നസ്രാണി പേരുകളുടെ പ്രത്യേകത കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കാം.

**ഉദാ** : അവറാച്ചൻ, അന്തോനി, കുര്യൻ, വർക്കി, ഇസഹാക്ക്, യാക്കോബ്, കോശി (ജോഷ്വാ), മത്തായിച്ചൻ, ചാക്കോച്ചൻ, അന്ന, കത്രീന, ചിന്നമ്മ, എൽസമ്മ, ഏലിയാമ്മ, മറിയാമ്മ, മരിയ, റോസമ്മ, അച്ചാമ്മ

**ആക്ടിവിറ്റി 3**

നമ്മുടെ വേരുകൾ മറക്കാതിരിക്കാൻ കുടുംബത്തിലെ മുതിർന്ന ആളുകളുടെ പേരുകൾ (വല്യപ്പന്റെയോ വല്യമ്മച്ചിയുടെയോ) കുഞ്ഞുങ്ങൾക്ക് നൽകാറുണ്ട്. വംശാവലി ചാർട്ടിൽ നിന്നും പേരുകൾ തമ്മിലുള്ള സാമ്യം കണ്ടെത്താൻ കഴിയും. നമ്മുടെ കുടുംബത്തിലെ ആളുകളുടെ പേരുകളും വീട്ടുപേരും എല്ലാം നമ്മുടെ കുടുംബത്തിന്റെ ചരിത്രത്തെയും പാരമ്പര്യത്തെയും സൂചിപ്പി

ക്കുന്നു. ഇത് നമ്മൾ എവിടെ നിന്ന് വന്നു എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

**ആക്ടിവിറ്റി 4**

'ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' എന്ന് പറയുമ്പോൾ നാം പരസ്പരം ദൈവസാന്നിധ്യത്തെ വണങ്ങുകയാണ്. മുതിർന്നവരുടെ കൈപ്പത്തി കൂട്ടിപ്പിടിച്ച് ചുംബിക്കുന്നത് അവരോടുള്ള ബഹുമാനവും അവരുടെ അനുഗ്രഹവും സ്വീകരിക്കുന്ന രീതിയാണ്. പ്രാർത്ഥനയ്ക്ക് ശേഷം മാതാപിതാക്കൾക്കു സ്നേഹത്തോടെ ചുംബനം നൽകുവാനുള്ള പരിശീലനം കുട്ടികൾക്ക് നല്കുവാൻ ശ്രമിക്കുക

**സ്തുതി കൊടുക്കുന്ന സന്ദർഭങ്ങൾ**

ഉദാ :

1. സന്ധ്യാപ്രാർത്ഥന കഴിഞ്ഞ്
2. വിവാഹത്തിന് വധൂവരന്മാർ വീട്ടിൽ നിന്ന് പള്ളിയിലേയ്ക്ക് പോകുമ്പോൾ
3. പെസഹാ ഭക്ഷണ സമയത്ത്
4. യാത്ര പോകുമ്പോൾ - പ്രാർത്ഥിച്ച് വീട്ടിലെ മുതിർന്നവർക്ക് സ്തുതി കൊടുക്കുന്നു
5. പുരോഹിതർ, സിസ്റ്റേഴ്സ് എന്നിവർ വീട്ടിലേയ്ക്ക് കടന്നു വരുമ്പോൾ

ഇതുപോലെ വെറെ ഉദാഹരണങ്ങൾ കണ്ടെത്തുക

**ആക്ടിവിറ്റി 5**

സീറോമലബാർ വിവാഹശുശ്രൂഷയിലെ ഏറ്റവും പ്രധാനപ്പെട്ടതും അർത്ഥവത്തുമായ പ്രതീകങ്ങളാണ് താലിയും മന്ത്രക്കോടിയും മോതിരവും. സീറോ മലബാർ സഭയുടെ വിവാഹ ആശീർവാദ കർമ്മത്തിലെ പ്രാർത്ഥനകൾ. (കൂദാശാ പരികർമ്മത്തിന്റെ പുസ്തകം പേജ് 190, 191 നോക്കുക.)

താലി വെഞ്ചരിപ്പ് സമയത്ത് കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥന കുരിശുമരണംവഴി തിരുസഭയെ വധുവായി സ്വീകരിച്ച കർത്താവേ, വിശ്വാസത്തിലും സ്നേഹത്തിലും വധുവരന്മാരെ ഒന്നിപ്പിക്കുന്ന ഈ താലി ദയാപൂർവം ആശീർവദിക്കണമേ. ഐക്യത്തിന്റെ പ്രതീകമായ ഈ താലി അഭേദ്യമായ സ്നേഹത്തിലും പൂർണമായ വിശ്വസ്തതയിലും ഇവരെ ബന്ധിക്കുമാറാകട്ടെ. ജീവിതത്തിൽ ഉണ്ടാകുന്ന ക്ലേശങ്ങൾ സന്തോഷപൂർവം സഹിക്കാനും നിന്റെ ഇഷ്ടമനുസരിച്ചു പരിശുദ്ധരായി ജീവിക്കാനും ഇതിൽ മുദ്രിതമായിരിക്കുന്ന കുരിശ് ഇവർക്കു ശക്തി നല്കട്ടെ. ഇതു ഇവരുടെ വിശ്വസ്തതയുടെ അടയാളമായിരിക്കുകയും ചെയ്യട്ടെ.

ആമ്മേൻ.

മോതിരം വെഞ്ചരിപ്പ് സമയത്ത് ചൊല്ലുന്ന പ്രാർത്ഥന

കർത്താവായ ദൈവമേ, ഈ ദമ്പതിമാരുടെ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടയാളമായി ഇവർ പരസ്പരം അണിയിക്കുന്ന ഈ മോതിരങ്ങൾ ആശീർവദിക്കണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, എന്നേക്കും. ആമ്മേൻ.

മന്ത്രകോടി വെഞ്ചരിപ്പ് സമയത്ത് ചൊല്ലുന്ന പ്രാർത്ഥന

കൃപാവരത്തിന്റെ അനശ്വരവസ്ത്രത്താൽ മനുഷ്യാത്മാവിനെ അലങ്കരിക്കുന്ന കാരുണ്യവാനായ കർത്താവേ, ഈ മന്ത്രകോടി ആശീർവദിക്കണമേ. പൂർണമായ ആത്മസമർപ്പണവും പരസ്പരസ്നേഹവും വഴി നിന്നെ ധരിക്കാൻ ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ. നിന്റെ മണവാട്ടിയായ പരിശുദ്ധസഭയെ മഹത്ത്വത്തിന്റെ വസ്ത്രം ധരിപ്പിച്ച കർത്താവേ, ലോകത്തിൽ നിഷ്കളങ്കരായി ജീവിച്ച്, സ്വർഗ്ഗത്തിൽ മഹത്ത്വത്തിന്റെ വസ്ത്രമണിയാൻ ഇവരെ യോഗ്യരാക്കുകയും ചെയ്യണമേ. ആമ്മേൻ.

**താലി** (മിന്ന്) - ഐക്യത്തിന്റെ പ്രതീകം, അഭേദ്യമായ സ്നേഹത്തിന്റെയും പൂർണമായ വിശ്വസ്തതയുടേയും അടയാളം

**താലിയിലെ കുരിശ്** : വിശ്വസ്തതയുടെ അടയാളം. താലിയിലെ ചെറിയ കുരിശ് വിവാഹജീവിതത്തിലെ സഹനങ്ങളെയും സ്നേഹത്തെയും സൂചിപ്പിക്കുന്നു. ജീവിതത്തിലെ പ്രതിസന്ധികളിൽ (കുരിശുകളിൽ) തളരാതെ ദൈവത്തിൽ ആശ്രയിക്കണമെന്നും ഇത് ഓർമ്മിപ്പിക്കുന്നു.

**വിവാഹമോതിരം** : ദമ്പതിമാരുടെ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടയാളം.

**മന്ത്രക്കോടി** : പൂർണ്ണമായ ആത്മസമർപ്പണത്തിന്റേയും പരസ്പര സ്നേഹത്തിന്റേയും പ്രതീകം. സ്വർഗ്ഗത്തിൽ മഹത്ത്വത്തിന്റെ വസ്ത്രമണിയാനുള്ള യോഗ്യത

**കൂടുതൽ അറിയാൻ**

കേരളീയ ക്രൈസ്തവ സംസ്കാരത്തിന്റെ തനിമ വിളിച്ചോതുന്ന ഒന്നാണ് താലി. ആലിലയുടെ ആകൃതിയിലുള്ള താലിയിൽ 7 സ്വർണ്ണ മുത്തുകൾകൊണ്ട് കുരിശ് ആലേഖനം ചെയ്തിരിക്കുന്നു. വിവാഹത്തിലൂടെ ദമ്പതികൾ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഒന്നായിത്തീരുന്നു എന്നതിന്റെ അടയാളമാണിത്. സാധാരണയായി മന്ത്രക്കോടിയിൽ നിന്ന് എടുത്ത ഏഴു നൂലുകൾ പിരിച്ചാണ് താലി കോർക്കുന്നത്. ഇത് ഏഴു കൂദാശകളെയും പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങളെയും സൂചിപ്പിക്കുന്നു. വധൂവരന്മാർക്ക് സഭയുമായുള്ള അഭേദ്യബന്ധത്തെയും സൂചിപ്പിക്കുന്നു.

വിവാഹ ഉടമ്പടിയുടെ ഭാഗമായി വധൂവരന്മാർ പരസ്പരം മോതിരം അണിയിക്കുന്നു. ഇത് ദമ്പതികൾ തമ്മിലുള്ള അവസാനമില്ലാത്ത സ്നേഹത്തെയും വിശ്വസ്തതയെയും സൂചിപ്പിക്കുന്നു. ഓരോ തവണ മോതിരത്തിലേക്ക് നോക്കുമ്പോഴും താൻ ദൈവത്തിന് മുൻപിൽ നൽകിയ വാഗ്ദാനം ഓർക്കാൻ ഇത് സഹായിക്കുന്നു.

• വിവാഹവേളയിൽ വധുവിന് വരൻ നൽകുന്ന പുത്തൻ വസ്ത്രമാണ് മന്ത്രക്കോടി. പൂർണമായ ആത്മസമർപ്പണവും പരസ്പരസ്നേഹവും വഴി മിശിഹായെ ധരിക്കാനും മിശിഹാ തന്റെ മണവാട്ടിയായ സഭയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് പോലെ, പരസ്പരം ജീവിതാവസാനം വരെ സ്നേഹിച്ച് സ്വർഗ്ഗത്തിൽ മഹത്വത്തിന്റെ വസ്ത്രം ധരിക്കാനും ഓർമ്മപ്പെടുത്തുന്നു.

**ആക്ടിവിറ്റി 6**

**വിവാഹത്തിന് മുൻപുള്ള ഒരുക്കങ്ങൾ**

**ഉറപ്പിക്കൽ** (Engagement) : വധൂവരന്മാരുടെ കുടുംബങ്ങൾ തമ്മിൽ കൂടിക്കാഴ്ച നടത്തി വിവാഹം നിശ്ചയിക്കുന്ന ചടങ്ങാണിത്.

**വേദപാഠം കേൾക്കൽ**

വിവാഹാർത്ഥിയുടെ ആത്മീയ ജീവിതത്തെ പരിശോധിച്ച് വിവാഹത്തിന്റെ കൗദാശിക വരപ്രസാദത്തെ ഫലമണിയിക്കേണ്ടത് എങ്ങനെയെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഇടവക വികാരിയുടെ അടുക്കൽ വിവാഹത്തിന് ഒരുക്കമായി നമസ്ക്കാരം / വേദപാഠം കേൾപ്പിക്കുന്നത്. ദാമ്പത്യത്തിൽ ജനിക്കുന്ന മക്കളെ ദൈവമക്കളായി വളർത്തുവാൻ കുടുംബജീവിതത്തിൽ പ്രവേശിക്കുന്ന വ്യക്തിയെ പ്രാപ്തമാക്കുക എന്നതാണ് ഇതിന്റെ നിയോഗം. കുടുംബജീവിതത്തിന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും സഭയുടെ പഠനങ്ങളെക്കുറിച്ചും ഇവിടെ അവബോധം നൽകുന്നു.

**മനസ്സമ്മതം** (Betrothal) : പള്ളിയിൽ വച്ച് വികാരിയച്ചന്റെയും സാക്ഷികളുടെയും സാന്നിധ്യത്തിൽ വധൂവരന്മാർ തങ്ങളുടെ വിവാഹത്തിന് സമ്മതം അറിയിക്കുന്ന ഔദ്യോഗിക ചടങ്ങാണിത്. ഇതിന് ശേഷമാണ് പള്ളിയിൽ വിവാഹ അറിയിപ്പ് (വിളിച്ചു ചൊല്ലൽ) നടത്തുന്നത്.

**വീട്ടിലെ ആഘോഷങ്ങൾ**

**മധുരം വെപ്പ്** - വിവാഹത്തിന്റെ തലേദിവസം വധുവിന്റെയും വരന്റെയും വീടുകളിൽ വെവ്വേറെ നടക്കുന്ന ചടങ്ങാണിത്. വധൂവരന്മാർക്ക് മധുരം നൽകുന്നതിലൂടെ അവരുടെ ജീവിതം മധുരതരമാകട്ടെ എന്ന് ആശംസിക്കുന്നു.

**പള്ളിയിൽ നടത്തുന്ന കൂദാശ - വിവാഹം**

പള്ളിയിൽ വച്ച് നടക്കുന്ന വിശുദ്ധമായ ശുശ്രൂഷ. താലികെട്ടും മന്ത്രകോടി പുതപ്പിക്കലുമാണ് ഇതിലെ പ്രധാന കർമ്മങ്ങൾ. വധൂവരന്മാർ പരസ്പരം കൈകൾ കോർത്തുപിടിച്ച് മരണം വരെ വിശ്വസ്തരായിരിക്കുമെന്ന് ദൈവസന്നിധിയിൽ പ്രതിജ്ഞ ചെയ്യുന്നു.

## രണ്ടാം ദിവസം

## പള്ളി

വിശ്വാസികൾ ദൈവാരാധനയ്ക്കായി ഒന്നിക്കുന്ന ഇടമാണ് പള്ളി. സീറോമലബാർ സഭയുടെ ചൈതന്യമനുസരിച്ചാണ് നാം പള്ളികൾ നിർമ്മിച്ചിരിക്കുന്നത്. കിഴക്കുപടിഞ്ഞാറു ദിശയിൽ ദൈവാലയം നിർമ്മിക്കുക എന്നതായിരുന്നു നമ്മുടെ സഭാപാരമ്പര്യം. സീറോമലബാർ ആരാധനാക്രമ പാരമ്പര്യത്തെക്കുറിച്ചും പള്ളിയുടെ പരിശുദ്ധിയെക്കുറിച്ചും മനസ്സിലാക്കാനുള്ള ആക്ടിവിറ്റികൾ ആണ് ഈ ദിവസത്തിൽ കൊടുത്തിരിക്കുന്നത്.

**ആക്ടിവിറ്റി 1**

**ശരിയായ ക്രമനമ്പർ**

1. ചെരുപ്പ് അഴിച്ചു വെക്കുന്നു.
2. മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്യുന്നു / സൈലന്റ് ആക്കുന്നു.
3. ഉള്ളിൽ പ്രവേശിച്ച് മദ്ബഹയിലേക്ക് നോക്കി വണങ്ങുന്നു.
4. കുരിശുവരച്ച് വണങ്ങുന്നു.
5. ഈശോയേ, നിന്റെ വീട്ടിലേക്ക് എന്നെയും വിളിച്ചല്ലോ' എന്ന് മനസ്സിൽ പ്രാർത്ഥിക്കുന്നു.

**ആക്റ്റിവിറ്റി 2**

ബൈബിൾ ഭാഗങ്ങൾ (പുറപ്പാട് 29:46, 1 രാജാക്കന്മാർ 8:10-11) ഒരോ ഗ്രൂപ്പിനെക്കൊണ്ടും വായിപ്പിക്കുക.

**ദൈവാലയത്തിന്റെ പ്രാധാന്യം**

1. **ദൈവസാന്നിധ്യം** : പഴയനിയമത്തിലെ സമാഗമകൂടാരവും സോളമൻ ദൈവാലയവും ദൈവസാന്നിധ്യത്തിന്റെ അടയാളങ്ങൾ ആയിട്ടാണ് ഇസ്രായേൽ കരുതിയിരുന്നത്. ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നു എന്നതിന്റെ ദൃശ്യമായ അടയാളമായിരുന്നു ദൈവാലയം.
2. **ദൈവമഹത്വം** : ജറുസലേം ദൈവാലയത്തിൽ കർത്താവിന്റെ തേജസ്സ് നിറഞ്ഞു നിന്നു. ഇസ്രായേൽക്കാർക്ക് ദൈവമ

ഹത്വം അനുഭവവേദ്യമാകുന്ന സ്ഥലമായിരുന്നു ദൈവാലയം.

**കൂടുതൽ വിശദീകരണത്തിന് :**

ദൈവത്തിന് വസിക്കാനുള്ള ഇടം പണിയുന്നത് ദൈവനിശ്ചയപ്രകാരമാണ്. സീനായ് മലയിൽ ദൈവം കാണിച്ചു കൊടുത്ത മാതൃക അനുസരിച്ചാണ് മോശ സമാഗമ കൂടാരം പണിതത്. (പുറപ്പാട് 25: 8 - 9, പുറപ്പാട് 26:30). ഇസ്രായേൽക്കാർ എല്ലാവരും ദൈവാരാധനയ്ക്കായി ഒന്നിച്ചു കൂടുവാൻ സോളമൻ രാജാവ് ജറുസലേം ദൈവാലയം പണിയുന്ന കാഴ്ചയും പഴയ നിയമത്തിൽ കാണാം (1 രാജാ. 7:48–51).

**ആക്റ്റിവിറ്റി 3**

പള്ളിയുടെ ഉൾവശത്തിന്റെ ലളിതമായ ഒരു ചിത്രം (Layout)

ദേവാലയ ഘടന ഒരു ചാർട്ടിൽ വരച്ച് അടയാളപ്പെടുത്തുക (ക്ലാസ്സിനകത്തു വച്ചോ വീട്ടിൽ പോയി ചെയ്തു കൊണ്ടു വരാനോ ആവശ്യപ്പെടാം).

**ഗെയിം**

**പാമ്പും ഏണിയും**

ദേവാലയത്തിലെ പ്രധാന സ്ഥലങ്ങളും അർത്ഥങ്ങളും കുട്ടികൾ അറിയേണ്ടതുണ്ട്. അതിനായി ചോദ്യോത്തര പയറ്റ് നടത്താവുന്നതാണ്. ഉത്തരം പറയുന്ന ഗ്രൂപ്പിന് സമ്മാനങ്ങളും നല്കാം.

**ചോദിക്കാവുന്ന ചോദ്യങ്ങളുടെ മാതൃക**

1. കിഴക്കോട്ട് അഭിമുഖമായി അൾത്താര പണിയുന്നത് എന്തിനെ സൂചിപ്പിക്കുന്നു ?
2. നടുക്ക് ചുവപ്പ് വിരി എന്തിനെ സൂചിപ്പിക്കുന്നു ?
3. മദ്ബഹയിലെ കുരിശ് എന്തിനെ സൂചിപ്പിക്കുന്നു ?

**ആക്ടിവിറ്റി 4**

**മുകളിലെ പ്രാവ്** : പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു.

**വിരിഞ്ഞ താമര** : ഭാരതസംസ്കാരത്തിന്റെ ചിഹ്നം.

**മൂന്ന് പടികൾ** : കാൽവരി മലയെയും ദൈവിക പുണ്യങ്ങളെയും (വിശ്വാസം, പ്രത്യാശ, സ്നേഹം) സൂചിപ്പിക്കുന്നു.

**അഗ്രങ്ങളിലെ പൂമൊട്ടുകൾ** : ജീവന്റെ തളിർപ്പുകളെയും പുനരുത്ഥാനത്തെയും അർത്ഥമാക്കുന്നു.

ക്രൂശിതനില്ലാത്ത കുരിശ് : മരണത്തിന്റെയും പാപത്തിന്റെയും മേൽ വിജയം നേടിയ ഉത്ഥിതനായ മിശിഹായുടെ പ്രതീകം.

**ആക്ടിവിറ്റി 5**

കുരിശു വരയുടെ ആത്മീയ അർത്ഥം മനസ്സിലാക്കി ക്ലാസ്സിൽ കുരിശുവരപ്പിക്കുന്നത് നന്നായിരിക്കും.

നെറ്റിയിൽ കുരിശു വരയ്ക്കുമ്പോൾ എന്റെ ചിന്തകൾ വിശുദ്ധീകരിക്കപ്പെടുന്നു.

അധരത്തിൽ കുരിശു വരയ്ക്കുമ്പോൾ എന്റെ വാക്കുകൾ വിശുദ്ധീകരിക്കപ്പെടുന്നു.

നെഞ്ചിൽ കുരിശു വരയ്ക്കുമ്പോൾ എന്റെ പ്രവൃത്തികൾ/ ഹൃദയം ദൈവത്തിന് സമർപ്പിക്കുന്നു.

## മൂന്നാം ദിവസം

## മാമ്മോദീസാ തൊട്ടി

ക്രൈസ്തവ ജീവിതത്തിന്റെ കവാടവും സഭാംഗത്വത്തിന്റെ അടിസ്ഥാനവുമാണ് മാമ്മോദീസ. പാപക്കറകൾ കഴുകിക്കളഞ്ഞ്, ക്രിസ്തുവിലുള്ള പുതിയൊരു ജന്മത്തിലേക്ക് പ്രവേശിക്കുന്ന ഈ പരിശുദ്ധമായ കൂദാശയെക്കുറിച്ച് മനസ്സിലാക്കാൻ ഉപകരിക്കുന്ന ആക്ടിവിറ്റികളാണ് ഈ ദിവസത്തിലുള്ളത്.

**ആക്ടിവിറ്റി 1**

**മാമ്മോദീസ** - പുതിയ ജീവിതത്തിലേക്ക് ജനിക്കുന്നു.

**തൈലാഭിഷേകം** - പരിശുദ്ധാത്മാവിനാൽ ശക്തരാക്കപ്പെടുന്നു.

**വിശുദ്ധ കുർബാന** - നിത്യജീവന്റെ ഭക്ഷണം സ്വീകരിക്കുന്നു.

**കൂടുതൽ വിശദീകരണം :**

1. **മാമ്മോദീസ - പുതുജനനം**

വിശ്വാസജീവിതത്തിലേക്കുള്ള പ്രവേശനകവാടമാണിത്. ജന്മപാപങ്ങളിൽ നിന്നുള്ള മോചനവും ദൈവമക്കളെന്ന നിലയിലുള്ള പുനർജന്മവുമാണ് ഇതിലൂടെ സംഭവിക്കുന്നത്. ഒരു ശിശു ജനിക്കുമ്പോൾ ഭൗതിക ജീവിതം ആരംഭിക്കുന്നത് പോലെ, മാമ്മോദീസയിലൂടെ ഒരാൾ ആത്മീയ ജീവിതത്തിലേക്ക് ജനിക്കുന്നു.

2. **തൈലാഭിഷേകം - ശക്തിപ്പെടൽ**

മാമ്മോദീസയിൽ ലഭിച്ച കൃപാവരങ്ങളെ പൂർണ്ണതയിലെത്തിക്കുന്ന കൂദാശയാണിത്. പരിശുദ്ധാത്മാവിന്റെ പ്രത്യേക ദാനങ്ങൾ സ്വീകരിക്കുന്നതിലൂടെ വിശ്വാസി ക്രിസ്തുവിന്റെ സാക്ഷിയാകാൻ ശക്തനാക്കപ്പെടുന്നു.

3. **വി. കുർബാന - ആത്മീയ ഭക്ഷണം**

ശരീരം നിലനിർത്താൻ ഭക്ഷണം എപ്രകാരം ആവശ്യമാണോ,

അതുപോലെ ആത്മീയ ജീവൻ നിലനിർത്താൻ കുർബാന അത്യാവശ്യമാണ്. 'ശാശ്വതജീവന്റെ ഭക്ഷണം' എന്നാണ് സഭ ഇതിനെ വിശേഷിപ്പിക്കുന്നത്.

'ഈ കൂദാശകളിലൂടെ ഒരു വിശ്വാസി ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് വളരുന്നു'. ഈ മൂന്ന് കൂദാശകളും ചേർന്നാണ് ഒരു വ്യക്തിയെ കത്തോലിക്കാ സഭയിലെ പൂർണ്ണ അംഗമാക്കി മാറ്റുന്നത്.

**ആക്ടിവിറ്റി 2**

**മാമ്മോദീസ തൊട്ടി** – സഭയുടെ ഗർഭപാത്രം. പുതിയ ജനനം നടക്കുന്നത് ഇവിടെയാണ്.

**വെള്ളവസ്ത്രം** – പാപത്തിൽ നിന്നുള്ള ശുദ്ധിയും പുതിയ പ്രകാശവും.

**മാമ്മോദീസ തിരി** – ലോകത്തിന്റെ പ്രകാശമായ ഈശോയെ അനുഗമിക്കുന്നു.

**മുടി** – ക്രിസ്തുവിന്റെ കിരീടം ധരിക്കുന്ന രാജകീയ പൗരോഹിത്യം.

**ആക്ടിവിറ്റി 5**

**വീട്ടുമാമ്മോദീസ**

മരണകരമായ സാഹചര്യങ്ങളിൽ കാർമ്മികരായ പുരോഹിതർ ഇല്ലാതെവന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ഏത് ക്രൈസ്തവനും മാമ്മോദീസ മുക്കാം. ''ഞാൻ നിന്നെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെ നാമത്തിൽ മാമ്മോദീസ മുക്കുന്നു''. എന്ന മാമ്മോദീസപരമായ സൂക്തം ചൊല്ലിക്കൊണ്ട് സ്വീകർത്താവിന്റെ തലയിൽ വെള്ളം ഒഴിച്ച് മാമ്മോദീസ മുക്കാം. പരിശുദ്ധ ത്രിത്വനാമത്തിൽ ശുദ്ധജലം ഉപയോഗിച്ച് മാമ്മോദീസ നല്കാവുന്നതാണ്.

മാമ്മോദീസ പരികർമ്മം ചെയ്ത വ്യക്തി ഒരാളുടെയെങ്കിലും സാക്ഷ്യത്തോടെ വിവരങ്ങൾ തീയതി സഹിതം ഇടവക രജിസ്റ്ററിൽ ചേർക്കണം. തിരിച്ചറിവു വന്ന വ്യക്തിയാണ് മാമ്മോദീസ സ്വീകരിച്ചതെങ്കിൽ അയാളുടെ സാക്ഷ്യം മതിയാകും. ഇതിനുശേഷം വീണ്ടും ജലംകൊണ്ടുള്ള മാമ്മോദീസ നല്കില്ല. പ്രാരംഭ കൂദാശകളിലെ ലേപനം, വെള്ളവസ്ത്രം നല്കൽ, തിരിനല്കൽ, തൈലാഭിഷേകം, പരിശുദ്ധ കുർബാന സ്വീകരണം ഇവ പൂർത്തിയാക്കേണ്ടതേ ആവശ്യമായിട്ടുള്ളൂ. കാരണം, മാമ്മോദീസ

സാധുവായി നല്കപ്പെട്ട ഒരുവന് വീണ്ടും അതു നല്കുവാൻ പാടില്ല. (CCEO 670)

## നാലാം ദിവസം

## പള്ളിക്കൂടം

പള്ളിക്കൂടം ക്രിസ്തീയത പ്രഘോഷിക്കേണ്ട ഇടമാണ്. നാലാം ദിവസം ചർച്ച ചെയ്യപ്പെടുന്ന വിഷയം എഴുത്തിനിരുത്ത്, ചാവറയച്ചൻ, പള്ളിയോടൊപ്പം പള്ളിക്കൂടം, ന്യൂനപക്ഷ അവകാശങ്ങൾ, ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളിൽ പഠിച്ചാൽ ഉണ്ടാകുന്ന ഗുണങ്ങൾ, ക്രിസ്തീയ സാക്ഷ്യങ്ങൾ തുടങ്ങിയവയാണ്.

ആക്ടിവിറ്റി ഒന്ന് ചെയ്യുന്നതിനു മുൻപ് ഒരു കൊച്ചു കുട്ടി എഴുത്തും വായനയും പഠിക്കുന്നതിന് മുന്നോടിയായി മാതാപിതാക്കൾ ചെയ്യുന്നതെന്ത് ? എഴുത്തിനിരുത്തും. നിങ്ങൾ എന്നാണ് എഴുത്തുനിരുന്നത് ? ആരാണ് നിങ്ങളെ ആദ്യം അക്ഷരം എഴുതിപ്പിച്ചത് ? എന്താണ് എഴുതിയത് ? എന്നി ങ്ങനെ ചെറിയ, ചെറിയ ചോദ്യങ്ങൾ ചോദിച്ചും ഉത്തരം പറയിപ്പിച്ചും ക്ലാസ് ആരംഭിക്കാം....

അതിനുശേഷം ജോസുകുട്ടന്റെയും അമ്മച്ചിയുടെയും സംഭാഷണം വായിക്കാം. പള്ളിക്കൂടം എന്ന പേര് പരിചയപ്പെടുത്താം. എന്തുകൊണ്ടാണ് ഈ പേര് വന്നത് ? ആരാണ് ഈ പേരിന്റെ പിന്നിൽ ? എന്നിങ്ങനെ ചോദ്യങ്ങൾ ചോദിച്ച് ആക്ടിവിറ്റി ഒന്ന് ചെയ്യുന്നു.

**ആക്ടിവിറ്റി 1**

1. സെന്റ്ഷന്താൾ പള്ളിക്കൂടം, സെന്റ് ജോസഫ് പള്ളിക്കൂടം *etc.*
2. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ.
3. 1861
4. സെന്റ് ബെർക്കുമാൻസ് സ്കൂൾ

(റഫറൻസ് ഗ്രന്ഥമായി 'ഭൂമിയുടെ ഉപ്പും ലോകത്തിലെ പ്രകാശവും' പേജ് 30 ഉപയോഗിക്കാം. അതിനുശേഷം ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളിൽ പഠിച്ചാൽ കിട്ടുന്ന ഗുണങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കണം ഇതുവഴി ക്രിസ്ത്യൻ സ്ഥാപനത്തോടും പ്രസ്ഥാനത്തോടും ഒരു സ്നേഹവും പ്രതിബദ്ധതയും കുട്ടികളിൽ ജനിപ്പിക്കണം

**ആക്ടിവിറ്റി 2, 3**

രണ്ടും മൂന്നും പ്രവർത്തനങ്ങൾ ക്രിസ്ത്യൻ സമുദായം വിദ്യാഭ്യാസത്തിനു കൊടുത്ത പ്രാധാന്യത്തെയാണ് വിളിച്ചോതുന്നത്. അതിന്റെ ഉദാഹരണമാണ് വിദ്യാഭ്യാസ പ്രക്ഷോഭനവും കോളേജ് സമരവും. കേരള സമൂഹം 100% സാക്ഷരത കൈവരിക്കാൻ വലിയ പങ്കുവഹിച്ചത് ക്രിസ്ത്യൻ സമുദായമാണ് എന്ന ബോധ്യം കുട്ടികളിൽ ആഴത്തിൽ വളർത്തുക.

**ആക്ടിവിറ്റി 3**

'ഭൂമിയുടെ ഉപ്പും ലോകത്തിലെ പ്രകാശവും എന്ന ടെക്സ്റ്റ് റഫറൻസ് ആയി ഉപയോഗിച്ച് എഴുതാൻ പറയുക'. കോളേജ് സമരത്തിന്റെ ദൃക്സാക്ഷി വിവരണം ഗ്രൂപ്പുകൾ തമ്മിലുള്ള മത്സരമായി നൽകുക.

**ആക്ടിവിറ്റി 4**

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ക്രിസ്ത്യാനികൾക്ക് മതസ്വാതന്ത്ര്യം നിഷേധിക്കുന്നത്, ക്രിസ്ത്യൻ സ്ഥാപനങ്ങൾക്ക് നേരെയുള്ള ആക്രമണം തുടങ്ങിയ കാര്യങ്ങൾ ആമുഖമായി സംസാരിക്കുക. അതിനുശേഷം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25, 29, 30 എന്നിവ കണ്ടുപിടിച്ചു വലിയ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കാൻ പറയുക.

**ആക്ടിവിറ്റി 5**

മൂല്യബോധം നഷ്ടപ്പെടുന്നതിന്റെ ഒരു തെളിവാണ് പരീക്ഷകളിലും മറ്റുമുള്ള കോപ്പിയടി. കോപ്പിയടിക്കുന്നത് തെറ്റാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്താനാണ് അഞ്ചാമത്തെ പ്രവർത്തനം.

## അഞ്ചാം ദിവസം

## കുമ്പസാരക്കൂട്

**ആക്ടിവിറ്റി 1** : Search and Find

ഞായറാഴ്ചകളിലും തിരുനാൾ ദിവസങ്ങളിലും വി. കുർബാനയോടനുബന്ധിച്ച് നടത്തിയിരുന്ന നസ്രാണികളുടെ പാപമോചന ക്രമത്തിന്റെ പേരെന്ത് ? ഹൂസായ

പാപമോചനത്തിനുള്ള വാർഷികദിനമായി ആചരിച്ചിരുന്നത് എന്നാണ് ? ദുഃഖശനി

ഇന്ന് വിശുദ്ധ കുർബാനയിൽ അനുരഞ്ജനശുശ്രൂഷയിലെ 5 ഭാഗങ്ങളും അവയുടെ അർത്ഥവും എഴുതുക.

1. സങ്കീ : 51 – ദാവീദിന്റെ അനുതാപകീർത്തനം.

2. ധൂപശുശ്രൂഷ – ജനത്തിന്റെ പാപങ്ങളിൽ മായിച്ച് വിശുദ്ധി യുടെ പരിമളമുള്ളവരാക്കുന്നു.
3. തിരുശരീരം ഉയർത്തൽ – മരണത്തിലൂടെയും ഉത്ഥാനത്തി ലൂടെയും പാപമോചനം നേടിത്തന്ന ഈശോയെ പാടിസ്തു തിക്കുന്നു.
4. അനുരഞ്ജന കാറോസൂസാ – പൊതുവായി പാപമോചന ത്തിന്റെ യാചന.
5. പാപമോചനപ്രാർത്ഥന – വൈദികൻ ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു.

**ആക്ടിവിറ്റി 2** : നോമ്പോ ? ഏത്നോമ്പ് ?

മാർത്തോമ്മാനസ്രാണികൾക്ക് ആരാധനാക്രമവർഷത്തിൽ നിര വധി നോമ്പുകൾ ഉണ്ട്. ഇന്നും നമ്മൾ അനുഷ്ഠിക്കുന്ന ഈ നോ മ്പുകളും അവ ഏത് അവസരത്തിൽ ഉള്ളതാണെന്നും കണ്ടെത്തി എഴുതുക:

**50 നോമ്പ്** – ഈസ്റ്ററിന് ഒരുക്കമായി (വലിയനോമ്പ്); **25 നോമ്പ്** – ക്രിസ്മസിന് ഒരുക്കമായി; **15 നോമ്പ്** – മാതാവിന്റെ സ്വർഗ്ഗാരോപണതിരുന്നാളിന് ഒരുക്കമായി; **8 നോമ്പ്** – മാതാ വിന്റെ ജനനത്തിരുന്നാളിന് ഒരുക്കമായി, **3 നോമ്പ്** – വലിയനോ മ്പിന്റെ മൂന്നാം ആഴ്ചയിൽ (നിനവേനോമ്പ്)

**ആക്ടിവിറ്റി 3** – My Feed back

കുമ്പസാരത്തിൽ നമ്മൾ പിതാവായ ദൈവത്തിന്റെ കരുണയെ കണ്ടുമുട്ടുന്നു. ഒരു ഉപാധിയും ഇല്ലാതെ ദൈവം നമ്മെ സ്നേ ഹിക്കുന്നു, നമ്മോടു ക്ഷമിക്കുന്നു. ധൂർത്തപുത്രന്റെ ഉപമയെ അടിസ്ഥാനമാക്കി കുമ്പസാരത്തിന്റെ ഈ അനുഭവം കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക.

**ആക്ടിവിറ്റി 4** : Step by Step

നല്ല കുമ്പസാരത്തിന് വേണ്ട അഞ്ച് കാര്യങ്ങൾ ശരിയായ ക്രമത്തിൽ താഴെ എഴുതുക:

1. പാപങ്ങളെല്ലാം ക്രമമായി ഓർക്കുക
2. പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുക
3. മേലിൽ പാപം ചെയ്യുകയില്ലെന്നു ദൃഢമായി പ്രതിജ്ഞചെയ്യുക
4. ചെയ്തുപോയ മാരകപാപങ്ങളെങ്കിലും വൈദികനെ അറി യിക്കുക
5. വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുക

**ആക്ടിവിറ്റി 5** : Spiritual Repair

നമ്മുടെ പാപങ്ങളുടെ കാലിക ശിക്ഷയിൽ നിന്ന് മോചനം നേടാനും ആത്മാവിനെ വിശുദ്ധീകരിക്കാനും സഹായിക്കുന്നത്യാഗ പ്രവൃത്തികളുടെ ഉദാഹരണങ്ങൾ താഴെ എഴുതാം:

1. **പ്രാർത്ഥന** : അനുദിനമുള്ള പ്രാർത്ഥന, ദിവ്യകാരുണ്യാരാധനാ, ബൈബിൾ വായന...
2. **ഉപവാസം** : മാംസവും മീനും വർജ്ജിക്കുന്നതും പുകയില, മദ്യംപോലുള്ള ശീലങ്ങൾ ഉപേക്ഷിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.
3. **ദാനധർമ്മം** : അത് 'നിരവധിപാപങ്ങൾ മായ്ച്ചുകളയും' എന്ന വചനം പഠിപ്പിക്കുന്നു.
4. **സേവനം** : രോഗികളെ സന്ദർശിക്കുന്നതോ മറ്റുള്ളവരെ സഹായിക്കുന്നതോ ആയ പ്രവൃത്തികൾ.
5. **ക്ഷമിക്കൽ** : നമ്മോട് തെറ്റ് ചെയ്തവരോട് പൂർണ്ണമായി ക്ഷമിക്കുന്നത് വലിയൊരു ത്യാഗമാണ്.

## ആറാം ദിവസം

## തിരുനാൾ

**ആക്ടിവിറ്റി 1**

ആരാധനാവത്സരത്തിലെ പ്രധാന തിരുനാളുകളും ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക.

**ആക്ടിവിറ്റി 2**

**കൊടിയേറ്റ്** - കൊടിയേറ്റ് ഒരു വിളംബരമാണ്. പെരുന്നാളിന് തുടക്കമായി എന്ന അറിയിപ്പ്. കൊടിക്കൊപ്പം പ്രാർത്ഥനകളും സ്വർഗ്ഗത്തിലേക്ക് ഉയരുന്നു. ''ഇവിടെ നിന്നുയരുന്ന പ്രാർത്ഥനകൾക്ക് നേരെ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും.'' 2 ദിന 7: 15

**മദ്ധ്യസ്ഥ പ്രാർത്ഥന** - വിശുദ്ധനോട് / വിശുദ്ധയോട് മാധ്യസ്ഥം യാചിക്കുന്നു.

**പ്രദക്ഷിണം** - ദക്ഷിണ ഭാഗത്തേക്ക് പോവുക. പ്രധാനമായി വഹിക്കുന്നത് സ്ലീവായാണ്. സ്ലീവായ്ക്ക് പിന്നാലെയുള്ള യാത്ര. സ്ലീവാ വഹിച്ചിരുന്നത് നോമ്പ് എടുത്തായിരുന്നു. വാഗ്ദാന പേടകവുമായുള്ള യാത്രയെ അനുസ്മരിക്കുന്നു. പാലിക മേഘ സ്തംഭത്തിന്റെ പ്രതീകമാണ്.

**ചെണ്ട** – സ്ലീവാ വരുന്നതിന്റെ അറിയിപ്പ്. ആഘോഷത്തെ സൂചിപ്പിക്കുന്നു. മാർത്തോമാ നസ്രാണികൾക്ക് ഉണ്ടായിരുന്ന പ്രത്യേക സ്ഥാനം വെളിവാക്കുന്നു.

**സമർപ്പണ ശുശ്രൂഷ** – വിശുദ്ധന്റെ / വിശുദ്ധയുടെ മാധ്യസ്ഥത്തിൽ പ്രത്യേക സംരക്ഷണത്തിന് സമർപ്പിക്കുന്നു.

**ആക്ടിവിറ്റി 4**

മാർഗംകളി, പരിചമുട്ടുകളി, റമ്പാൻ പാട്ട്, കോൽകളി, പള്ളിയുടെ ചരിത്രം പാട്ടുകളിലൂടെ അവതരിപ്പിച്ചിരുന്ന പള്ളിപ്പാട്ടുകൾ തുടങ്ങിയവ.

## ഏഴാം ദിവസം

## കബറിടം

**ആക്ടിവിറ്റി 1**

രോഗികളുടെ മേൽ കൈവെച്ച് പ്രാർത്ഥിച്ചാൽ അവർ സുഖം പ്രാപിക്കുമെന്ന് ശിഷ്യരോട് അരുളി ചെയ്ത മിശിഹാ നിനക്ക് സൗഖ്യം അരുളട്ടെ. അവിടുന്ന് നിന്റെ പാപങ്ങൾ പൊറുത്ത് നിന്നെ ആശ്വസിപ്പിക്കട്ടെ. നിന്റെ ക്ലേശങ്ങളും സഹനങ്ങളും രക്ഷാകരമായി തീരുവാൻ അവിടുന്ന് നിന്നെ സഹായിക്കട്ടെ. നിന്നെ ആശ്വസിപ്പിക്കുവാൻ തന്റെ സ്വർഗീയ ദൂതന്മാരെ അവിടുന്ന് നിയോഗിക്കട്ടെ. നിന്റെ പ്രിയപ്പെട്ടവരെയും നിന്നെ ശുശ്രൂഷിക്കുന്നവരെയും അവിടുന്ന് സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ

സൗഖ്യം നൽകുന്നത് മിശിഹാ.

ക്ലേശങ്ങളും സഹനങ്ങളും രക്ഷാകരമാണ്.

രോഗിയെ ആശ്വസിപ്പിക്കുന്നത് സ്വർഗീയ ദൂതന്മാർ.

രോഗിയെ ശുശ്രൂഷിക്കുന്നവർക്ക് സമൃദ്ധമായ അനുഗ്രഹം.

നല്ല മരണത്തിന്റെ മധ്യസ്ഥൻ – വിശുദ്ധ യൗസേപ്പിതാവ്.

**ചെകിട്ടോർമ്മ** – ഈശോ മറിയം യൗസേപ്പേ ഈ ആത്മാവിന് കൂട്ടായിരിക്കണമേ.

**ആക്ടിവിറ്റി 2**

**പനിനീര്, ചന്ദനത്തിരി** – പാപമോചനത്തിന്റെയും ദൈവത്തോടുള്ള ബഹുമാനത്തിന്റെയും പ്രതീകം.

**മുടി** – നീതിയുടെ മുടി, മഹത്വത്തിന്റെ കിരീടം.

**മുത്തുക്കുട** – മൃതശരീരം വീട്ടിൽ നിന്ന് എടുത്താൽ സഭയുടെ സ്വന്തമാണ്. മരിച്ചുകഴിഞ്ഞ് വ്യക്തിയെ വിശുദ്ധനായി കണക്കാ

ക്കുന്നു. സന്തോഷത്തിന്റെ പ്രതീകമാണ് പ്രദക്ഷിണം. മുത്തുക്കുട ചൂടുന്നത് വിശുദ്ധമായ ശരീരത്തെ ആഘോഷമായി ദേവാലയത്തിലേക്ക് കൊണ്ടുപോകുന്നതിന്റെ സൂചനയാണ്.

**സിമിത്തേരിയിൽവച്ച് അന്തിമോപചാരം** (തൂവാല വച്ച്) - തൂവാല കർത്താവിനെ പൊതിഞ്ഞ കച്ചയെ സൂചിപ്പിക്കുന്നു. വിശുദ്ധ ശരീരത്തെ വണങ്ങുന്നതിന്റെ പ്രതീകം.

**കുരിശും കൊന്തയും മാറ്റുന്നത്** - കുരിശ് അനശ്വരതയുടെയും കൊന്ത ജീവിച്ചിരിക്കുന്നവരുടെയും പ്രത്യേകമാണ്. അത് ദ്രവിക്കാൻ അനുവദിക്കുന്നില്ല.

**മുഖം മൂടുന്നത്** - ദിവ്യ മഹത്വം ദർശിക്കാനുള്ള സ്വർഗ്ഗ യാത്രയിൽ ഇനി ഈ കണ്ണുകൾ മറ്റൊന്നും ദർശിക്കാൻ പാടില്ല എന്ന് സൂചിപ്പിക്കുന്നു.

**കെട്ട് അഴിക്കുന്നു** - സ്വർഗ്ഗ യാത്രയിൽ ബന്ധനങ്ങൾ ഒഴിവാക്കുന്നു. (ഉയിർത്തെഴുന്നേറ്റ ലാസറിന്റെ കെട്ടുകൾ അഴിക്കുന്നു.)

**ആക്ടിവിറ്റി 3**

മണ്ണിൽ നിന്നും മനുഷ്യനെ സൃഷ്ടിക്കുകയും അവനെ മരണവിധേയനാക്കുകയും ചെയ്യുന്ന ദൈവമേ നിന്റെ വിശുദ്ധന്മാർ വിശ്രമം കൊള്ളുന്ന കബറിടം എത്ര മനോഹരമാകുന്നു. വിശുദ്ധ മാമോദിസ ആയാൽ മുദ്രിതവും പരിശുദ്ധ കുർബാനയാൽ അഭിഷിക്തവുമായ ഈ ശരീരത്തിന് നിന്റെ ദിവ്യപുത്രന്റെ രണ്ടാമത്തെ ആഗമനം വരെ വിശ്രമം നൽകേണ്ട ഈ കബറിടം നീ പവിത്രീകരിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.

**കബറിടം** - വിശുദ്ധന്മാർ വിശ്രമം കൊള്ളുന്ന കബറിടം മനോഹരമാണ്.

ദിവ്യപുത്രന്റെ രണ്ടാമത്തെ ആഗമനം വരെ ശരീരത്തിന് വിശ്രമം നൽകേണ്ട കബറിടം.

**മനുഷ്യശരീരം** - മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടു. മരണവിധേയമാണ്. വിശുദ്ധ മാമോദിസയാൽ മുദ്രിതം. പരിശുദ്ധ കുർബാനയാൽ പരിപുഷ്ടം. വിശുദ്ധ തൈലത്താൽ അഭിഷിക്തം.

**ആക്ടിവിറ്റി 4**

പരിശുദ്ധ കുർബാന, ഒപ്പീസ്, മന്ത്ര, അന്നീദ (മരിച്ചവർക്ക് വേണ്ടിയുള്ള ചെറിയ പ്രാർത്ഥനാ ശുശ്രൂഷ), നാളോത്ത് (മൃത സംസ്കാരത്തിനുശേഷം പുരോഹിതൻ മരിച്ചയാളുടെ വീട്ടിലെത്തി നട

ത്തുന്ന കർമ്മം) കുടുംബ പ്രാർത്ഥനയിൽ മരിച്ച വിശ്വാസികൾക്ക് വേണ്ടിയുള്ള പ്രാർത്ഥന.

''മരിച്ചവർ ഉയിർക്കുമെന്ന് പ്രതീക്ഷയില്ലായിരുന്നെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് നിഷ്പ്ര യോജനവും ഭോഷത്തവും ആകുമായിരുന്നു''(2 മക്ക 12 :44)

''മരണത്തിനർഹമല്ലാത്ത പാപം സഹോദരൻ ചെയ്യുന്നത് ഒരുവൻ കണ്ടാൽ അവൻ പ്രാർത്ഥിക്കട്ടെ. അവന് ദൈവം ജീവൻ നൽകും.'' 1 യോഹ 5 : 16

**ആക്ടിവിറ്റി 5**

**ജീരകം** - ജീരകം ആദ്യം ചവർപ്പും കൈപ്പും നൽകുമെങ്കിലും പിന്നീട് മധുരം നൽകുന്നു. അതുപോലെ മരണം ആദ്യം ദുഃഖം നൽകുമെങ്കിലും പിന്നീട് അത് സന്തോഷമായി മാറും. ജീരകവും കൽക്കണ്ടവും മരണത്തിന്റെ കയ്പ്പും രക്ഷയുടെ മധുരവും ഓർമ്മിപ്പിക്കുന്നു.

**പഴം, ഉണ്ണിയപ്പം** - പഴത്താലെ വന്ന പാപം അപ്പത്താലെ മാറി.

**ആക്ടിവിറ്റി 6**

### കാരുണ്യ പ്രവർത്തികൾ

**ശാരീരികങ്ങൾ**

1. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുന്നത്.
2. ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുന്നത്.
3. വസ്ത്രം ഇല്ലാത്തവർക്ക് വസ്ത്രം കൊടുക്കുന്നത്.
4. പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം കൊടുക്കുന്നത്.
5. രോഗികളെയും തടവുകാരെയും സന്ദർശിക്കുന്നത്.
6. അവശരെ സഹായിക്കുന്നത്.
7. മരിച്ചവരെ അടക്കുന്നത്.

**ആദ്ധ്യാത്മികങ്ങൾ**

1. അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്.
2. സംശയമുള്ളവരുടെ സംശയം തീർക്കുന്നത്.
3. ദുഖിതരെ ആശ്വസിപ്പിക്കുന്നത്.
4. തെറ്റ് ചെയ്യുന്നവരെ തിരുത്തുന്നത്.
5. ഉപദ്രവങ്ങൾ ക്ഷമിക്കുന്നത്.
6. അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുന്നത്.
7. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുന്നത്.

**വീട്ടിൽ** – മരിച്ച ആളുടെ വീട്ടിലെത്തി ആത്മാവിന് വേണ്ടി പ്രാർത്ഥിക്കുക. വീട്ടിൽ ആവശ്യമായ സഹായങ്ങൾ ചെയ്യുക.

**പ്രദക്ഷിണത്തിൽ** – പള്ളിയിലേക്കുള്ള പ്രദക്ഷിണത്തിൽ ഭക്തിപൂർവ്വം പങ്കെടുക്കുക.

**പള്ളിയിൽ** – മൃതദേഹത്തോടൊപ്പം ദേവാലയത്തിൽ പ്രവേശിക്കുകയും പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്യുക.

**സിമിത്തേരിയിൽ** – മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗമായ സിമിത്തേരിയിലെ ശുശ്രൂഷകളിൽ ഭക്തിപൂർവ്വം പങ്കെടുക്കുക. നിശബ്ദത പാലിക്കുക.

## എട്ടാം ദിവസം
## പള്ളിയോഗം

സീറോമലബാർ സഭയിലെ പള്ളിയോഗം എന്ന ഭരണസംവിധാനത്തെക്കുറിച്ചും അല്മായ പങ്കാളിത്തത്തെക്കുറിച്ചും കുട്ടികൾ അറിവു നേടുവാൻ വേണ്ടിയാണ് ഈ ദിവസത്തെ ആക്ടിവിറ്റികൾ.

**ആക്ടിവിറ്റി**

1. 'ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്തായും കവാടവും' : ഇന്ത്യയുടെ മെത്രാപ്പോലീത്തായുടെ ഔദ്യോഗിക സ്ഥാനപ്പേര്. നസ്രാണിസഭയുടെ തലവന്റെ ആത്മീയ അധികാരത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

**അർക്കദിയാക്കോൻ** : മാർത്തോമ്മാ നസ്രാണി സഭയുടെ ഭരണപരമായ കാര്യങ്ങൾ നോക്കുന്ന വ്യക്തിയെ വിളിച്ചിരുന്ന പേര്. ഒരു തദ്ദേശീയ വൈദികനായിരിക്കും ഈ പദവി അലങ്കരിക്കുക. സമുദായത്തിന്റെ പ്രതിനിധി കൂടിയായിരുന്നു ഇദ്ദേഹം.

**കൂടുതൽ വിവരങ്ങൾ**

ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്തായും കവാടവും പതിനാറാം നൂററാണ്ടിലെ പോർട്ടുഗീസുകാരുടെ ആഗമനം വരെ ഭാരതത്തിൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭ എന്ന ഒരു ക്രിസ്തീയസഭ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ഈ സഭയ്ക്ക് ഭൂപ്രദേശപരമായ യാതൊരു നിയന്ത്രണവും ഉണ്ടായിരുന്നില്ല, ഫലത്തിൽ ഇതിന്റെ തലവൻ ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്തായായിരുന്നു.

ഏഴാം നൂറ്റാണ്ടിൽ പേർഷ്യൻ പാത്രിയാർക്കീസ് ആയിരുന്ന ഈശോയാബ് മൂന്നാമൻ ഭാരതസഭയെ ഒരു പ്രത്യേക മെത്രാ

പ്പോലീത്തൻ ഭരണപ്രദേശമായി ഉയർത്തിയപ്പോഴാണ് ഈ പദവി നിലവിൽ വന്നത്. വർഷങ്ങളോളം നിർത്തലാക്കപ്പെട്ടിരുന്ന ഈ പദവി 2017 ഒക്ടോബർ 9-ന് ഫ്രാൻസിസ് മാർപാപ്പ പുനഃസ്ഥാപിച്ചു. ഇപ്പോൾ സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പാണ് ഈ ഔദ്യോഗിക പദവി വഹിക്കുന്നത്.

**അർക്കദിയാക്കോൻ** :

സഭയുടെ തലവനായി ഇന്ത്യ മുഴുവന്റേയും മെത്രാപ്പോലീത്ത ഉണ്ടായിരുന്നു എങ്കിലും നിയമനിർമ്മാണത്തിനും ന്യായം വിധിക്കലിനും ഭരണനിർവ്വഹത്തിനുമുള്ള അധികാരം അർക്കദിയാക്കോനിൽ നിക്ഷിപ്തമായിരുന്നു. ആത്മീയപിതാവെന്ന നിലയിൽ വിശ്വാസാദികാര്യങ്ങളിൽ മെത്രാപ്പെലീത്താ പ്രത്യേകം ശ്രദ്ധിച്ചപ്പോൾ, അർക്കദിയാക്കോൻ നസ്രാണി സമൂഹത്തിന്റെ സാമൂഹിക രാഷ്ട്രീയനേതാവായി അവരെ നയിച്ചു. 'ജാതിക്കു കർത്തവ്യൻ' എന്നും ഇദ്ദേഹം അറിയപ്പെട്ടിരുന്നു.

2. നസ്രാണിസഭയിലെ പള്ളിയോഗങ്ങളുടെ ഉന്നതാധികാരിയെ അർക്കദിയാക്കോൻ എന്നാണ് വിളിച്ചിരുന്നത്.

3. **പള്ളിയോഗങ്ങളുടെ ചുമതലകൾ**

നസ്രാണി സഭയുടെ ജനാധിപത്യപരമായ ഭരണരീതിയുടെ ആണിക്കല്ലായിരുന്നു പള്ളിയോഗങ്ങൾ. വൈദികരും കുടുംബനാഥന്മാരുമായിരുന്നു പള്ളിയോഗത്തിലെ അംഗങ്ങൾ. സമൂഹത്തിന്റെ സമഗ്രമായ വളർച്ച ഉറപ്പാക്കുക എന്നതായിരുന്നു പള്ളിയോഗത്തിൽ നിക്ഷിപ്തമായിരുന്ന ഉത്തരവാദിത്തം.

അവയുടെ പ്രധാന ചുമതലകൾ ഇവയായിരുന്നു:

**ഭരണനിർവ്വഹണം** : പള്ളിയുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുക, വരവുചെലവ് കണക്കുകൾ പരിശോധിക്കുക.

**അച്ചടക്ക നടപടികൾ** : ഇടവകാംഗങ്ങൾക്കിടയിലുള്ള തർക്കങ്ങൾ പരിഹരിക്കുക, സഭാനിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുക.

**വൈദികരെ തിരഞ്ഞെടുക്കൽ** : പുതിയ വൈദികരെ (ശെമ്മാശന്മാരെ) ശുപാർശ ചെയ്യുന്നതിലും അവരോധിക്കുന്നതിലും പള്ളിയോഗത്തിന് വലിയ പങ്കുണ്ടായിരുന്നു. ആരാധന ക്രമീകരണം : പെരുന്നാളുകളും മറ്റ് ആത്മീയ ചടങ്ങുകളും നടത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുക.

**സാമൂഹിക ക്ഷേമം** : ദരിദ്രരെ സഹായിക്കുക, വിദ്യാഭ്യാസ പരമായ കാര്യങ്ങൾ ശ്രദ്ധിക്കുക, ക്രിസ്തീയ സമൂഹത്തിന്റെ കീഴ് വഴക്കങ്ങളും അവകാശങ്ങളും സംരക്ഷിക്കുക.

**ആക്ടിവിറ്റി 2**

**ഇടവക ഭരണസംവിധാനം**

പാരീഷ് കൗൺസിലിലെ പ്രധാന അംഗങ്ങൾ

ഇടവകയുടെ സുഗമമായ നടത്തിപ്പിനായി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് പാരീഷ് കൗൺസിലിൽ ഉള്ളത്.

**പ്രധാന അംഗങ്ങൾ** :

**പ്രസിഡന്റ്** : ഇടവക വികാരി (Vicar).

**അസിസ്റ്റന്റ് വികാരിമാർ** : ഇടവകയിൽ വികാരിയെ സഹായി ക്കാൻ നിയമിതരായ വൈദികർ ഉണ്ടെങ്കിൽ അവർ.

**കൈക്കാരൻമാർ** : സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യു ന്നവർ.

**സെക്രട്ടറി** : കൗൺസിൽ നടപടികൾ രേഖപ്പെടുത്തുന്ന വ്യക്തി.

**വാർഡ് പ്രതിനിധികൾ** : ഓരോ കുടുംബയൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ.

**സംഘടനാ പ്രതിനിധികൾ** : സഭയിലെ വിവിധ ഭക്തസംഘട നകളുടെ പ്രതിനിധികൾ

(**ഉദാ** : പിതൃവേദി, മാതൃവേദി, യുവദീപ്തി *etc*..) .

**നാമനിർദ്ദേശം ചെയ്യപ്പെട്ടവർ** : വികാരിയച്ചൻ പ്രത്യേകമായി നിർദ്ദേശിക്കുന്ന വ്യക്തികൾ.

**ആക്ടിവിറ്റി 3**

**മോക്ക് പള്ളിയോഗം** - കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിക്കാം. വികാരി, കൈക്കാരൻ, സെക്രട്ടറി, അംഗങ്ങൾ എന്നിങ്ങനെ വേഷങ്ങൾ നൽകാം.

**വിഷയം 1** : പെരുനാൾ ആർഭാടം / ജീവകാരുണ്യം

**ഉദാ** :

**തീരുമാനങ്ങൾ - 1**

**യുക്തി** : വെടിക്കെട്ടും ആർഭാടവും നിമിഷനേരത്തെ സന്തോ ഷം മാത്രമാണ്. എന്നാൽ ഒരു കുടുംബത്തിന് വീട് നൽകുന്നത് തലമുറകളോളം നിലനിൽക്കുന്ന പുണ്യമാണ്.

**തീരുമാനങ്ങൾ - 2**

പെരുന്നാളിന് അത്യാവശ്യം വേണ്ട ആചാരങ്ങൾ മാത്രം നില

നിർത്തി, വെടിക്കെട്ടിനായി മാറ്റിവെക്കുന്ന തുക ഉപയോഗിച്ച് ഇടവകയിലെ 5 നിർദ്ധനരായ കുട്ടികൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ചു.

**തീരുമാനങ്ങൾ – 3**

പെരുന്നാളിന്റെ ആത്മീയത നിലനിർത്തിക്കൊണ്ട് വെടിക്കെട്ട്, അമിതമായ അലങ്കാരങ്ങൾ എന്നിവ നിയന്ത്രിക്കാൻ തീരുമാനിച്ചു. ഇതിനായി മാറ്റിവെക്കുന്ന തുകയുടെ വലിയൊരു ഭാഗം ഇടവകയിലെ നിർദ്ധനരായ രോഗികളുടെ ചികിത്സാ സഹായത്തിനായി (Pain and Palliative) ഉപയോഗിക്കും. വിശ്വാസികൾക്ക് ആത്മീയ ചൈതന്യം ലഭിക്കുന്ന തരത്തിലുള്ള ശുശ്രൂഷകൾക്ക് മുൻഗണന നൽകും.

**വിഷയം 2** : ഭവന നിർമ്മാണവും സാമ്പത്തിക സഹായവും

**മാനദണ്ഡങ്ങൾ** :

1. വീടില്ലാത്തവർ, ചോർന്നൊലിക്കുന്ന വീട്ടിൽ കഴിയുന്നവർ എന്നിവർക്ക് മുൻഗണന.
2. കുടുംബത്തിന്റെ മാസവരുമാനം, ആശ്രിതരുടെ എണ്ണം എന്നിവ പരിശോധിക്കും.
3. വാർഡ് കൗൺസിലർമാരുടെ ശുപാർശയും സമിതിയുടെ നേരിട്ടുള്ള സന്ദർശനവും നിർബന്ധം.
4.. വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്കും പ്രത്യേക നിബന്ധനകളോടെ സഹായം നൽകും.

**ആക്ടിവിറ്റി 4**

**പോസ്റ്റർ തയ്യാറാക്കാം**

**പോസ്റ്റർ തലക്കെട്ട്** : 'എന്റെ ഇടവക – എന്റെ ഉത്തരവാദിത്തം'

ഒരു ചെറിയ പള്ളിയുടെ ചിത്രവും അതിന് ചുറ്റും കൈകോർത്തു നിൽക്കുന്ന വിശ്വാസികളുടെ ചിത്രവും പോസ്റ്ററിൽ വരയ്ക്കാവുന്നതാണ്.

**പ്രവർത്തനങ്ങളും പങ്കാളിത്തവും** :

**ആത്മീയ പങ്കാളിത്തം** : വിശുദ്ധ കുർബാനയിലും വാർഡ് പ്രാർത്ഥനകളിലും സജീവമായി പങ്കെടുക്കും.

**സന്നദ്ധ സേവനം** : ഇടവകയിലെ ശുചീകരണ പ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും പങ്കുചേരും.

**സാമ്പത്തിക ഉത്തരവാദിത്തം** : പള്ളിയുടെ ആവശ്യങ്ങൾക്കായി സന്തോഷത്തോടെ വിഹിതം നൽകും.

**പരസ്പര സ്നേഹം :** ഇടവകയിലെ പാവപ്പെട്ടവരെയും രോഗികളെയും സന്ദർശിക്കാനും സഹായിക്കാനും സമയം കണ്ടെത്തും

**ഒത്തൊരുമ :** 'മതബോധന ക്ലാസ്സുകളിലും സൺഡേസ്കൂൾ പ്രവർത്തനങ്ങളിലും ഞാൻ സജീവമാകും'.



## സീനിയർ വിഭാഗം

**സന്ദേശനിലയം**
**ചങ്ങനാശ്ശേരി**